# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ : **149**

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

കർത്താവിൽ പ്രിയരെ,

130-ാമത് മാരാമൺ കൺവൻഷൻ 2025 ഫെബ്രുവരി മാസം 9-ാം തീയതി ഞായറാഴ്ച മുതൽ 16-ാം തീയതി ഞായറാഴ്ച വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. 9-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ആരംഭിക്കുന്ന യോഗത്തിൽ കൺവൻഷന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. ഈ വർഷത്തെ കൺവൻഷനിൽ അഖില ലോക സഭാ കൗൺസിൽ ജനറൽ സെക്രട്ടറി റവ. പ്രൊഫ. ഡോ. ജെറി പിള്ളെ (സ്വിറ്റ്സർലാൻഡ്), കൊളംബിയ തിയോളജിക്കൽ സെമിനാരി പ്രസിഡന്റ് റവ. ഡോ. വിക്ടർ അലോയോ, ഡോ. രാജ്കുമാർ രാംചന്ദ്രൻ (ന്യൂഡൽഹി) എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും. കൂടാതെ നമ്മുടെ സഭയിലെ അഭിവന്ദ്യ തിരുമേനിമാരും ഇതര സഭകളിലെ മേൽപ്പട്ടക്കാരും വിവിധ യോഗങ്ങളിൽ പ്രസംഗിക്കും.

തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 7.30ന് സ്ത്രീകൾക്കും പുരുഷന്മാർക്കും സംയുക്തമായുള്ള ബൈബിൾ ക്ലാസുകൾ പന്തലിൽ നടക്കും. കുട്ടികൾക്കുള്ള യോഗം സി.എസ്.എസ്.എമ്മിന്റെ നേതൃത്വത്തിൽ രാവിലെ 7.30 മുതൽ 8.30 വരെ കുട്ടിപ്പന്തലിൽ നടത്തുന്നതാണ്. എല്ലാ ദിവസവും രാവിലത്തെ പൊതുയോഗം 9.30 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 12 മണിക്ക് പര്യവസാനിക്കും. സായാഹ്നയോഗങ്ങൾ വൈകിട്ട് 6 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 7.30 ന് സമാപിക്കും. തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 2.30 ന് കുടുംബവേദി യോഗങ്ങളും ബുധനാഴ്ച 2.30 ന് ലഹരിവിമോചന സമ്മേളനവും, വൈകിട്ട് 6 ന് സാമൂഹ്യ തിന്മകൾക്കെതിരെയുള്ള ബോധവൽക്കരണ യോഗവും, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ 2.30 ന് പൊതുയോഗങ്ങളും 4 ന് യുവവേദി യോഗങ്ങളും പന്തലിൽവച്ച് നടത്തുന്നതാണ്. ബുധൻ മുതൽ ശനി വരെ വൈകിട്ട് 7:30 മുതൽ 9 വരെയുള്ള സമയം ഭാഷാ അടിസ്ഥാനത്തിൽ ഉള്ള മിഷൻ ഫീൽഡ് കൂട്ടായ്മ ഹിന്ദി, തെലുങ്ക്, തമിഴ്, കന്നഡ എന്നീ ക്രമത്തിൽ പ്രത്യേക യോഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു. പൂർണ്ണസമയം സുവിശേഷവേലയ്ക്കു സമർപ്പിക്കുന്ന 12 വയസിന് താഴെയുള്ള കുട്ടികളുടെ പ്രതിഷ്ഠാ ശുശ്രൂഷ ഫെബ്രുവരി 14-ാം തീയതി വെള്ളിയാഴ്ചയും 12 വയസിന് മുകളിൽ പ്രായമുള്ളവരുടെ പ്രതിഷ്ഠാ ശുശ്രൂഷ ഫെബ്രുവരി 15-ാം തീയതി ശനിയാഴ്ചയും രാവിലെ 7.30 ന് കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെടും.

മാരാമൺ കൺവൻഷനിലെ അച്ചടക്കം അഭംഗുരം നിലനിർത്തുവാൻ ഏവരും ശ്രദ്ധിക്കണം. പന്തലും പരിസരവും വിശുദ്ധമാണെന്ന ചിന്ത ഏവരെയും ഭരിക്കണം. ഒരു ആരാധനാലയത്തിൽ ഉപയോഗിക്കുന്നതിനു യോഗ്യമായ വസ്ത്രധാരണം ആയിരിക്കാൻ ഏവരും പ്രത്യേകം ശ്രദ്ധിക്കണം. അമിതമായി ആഭരണങ്ങൾ അണിയുന്നതിനുള്ള പ്രവണത ഉപേക്ഷിച്ച് സാമൂഹ്യവിരുദ്ധർക്ക് അവസരം നൽകാതിരിപ്പാൻ ശ്രദ്ധിക്കണം. യോഗങ്ങളുടെ ഇടവേളകൾ പ്രാർത്ഥനയ്ക്കും ആത്മീയ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും ആളാംപ്രതി സുവിശേഷവേലയ്ക്കുമായി പ്രയോജനപ്പെടുത്തേണ്ടതാണ്. മണൽപ്പുറത്തും പരിസരപ്രദേശങ്ങളിലും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും പുകയിലയുടെ ഉപയോഗവും വർജ്ജിക്കുന്ന ശ്രേഷ്ഠപാരമ്പര്യം നിലനിർത്തുവാൻ ശ്രദ്ധിക്കണം. കൺവൻഷൻ പരിസ്ഥിതി സൗഹൃദമായും ഹരിത നിയമാവലി അനുസരിച്ചും നടത്തുന്നതിൽ എല്ലാവരുടേയും സഹകരണം ഉണ്ടാകണം. ഫ്ളെക്സുകൾ, പരസ്യബോർഡുകൾ എന്നിവ കൺവൻഷൻ മണൽപ്പുറത്ത് പ്രദർശിപ്പിക്കാതിരിക്കുന്നതിൽ എല്ലാവരും ജാഗ്രത പുലർത്തണം.

ഫെബ്രുവരി 9 ന് നടക്കുന്ന ഉദ്ഘാടന യോഗത്തിലും വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിലെ രാവിലത്തെ യോഗങ്ങളിലും ആണ് സ്തോത്രകാഴ്ച സ്വീകരിക്കുന്നത്. മറ്റുയോഗങ്ങളിൽ സംബന്ധിക്കുന്നവർക്ക് പന്തലിൽ ക്രമീകരിച്ചിരിക്കുന്ന പെട്ടികളിൽ സ്തോത്രകാഴ്ച സമർപ്പിക്കാവുന്നതാണ്. വിദേശ ഇടവകകളും കേരളത്തിന് പുറത്തുള്ള ഇടവകകളും കൺവൻഷൻ ആവശ്യത്തിനുവേണ്ടി കൺവൻഷൻ നടക്കുന്ന ഒരു ഞായറാഴ്ച പ്രത്യേക സ്തോത്രകാഴ്ച ശേഖരിച്ച് സുവിശേഷസംഘം ഓഫീസിലേക്ക് അയച്ചു നൽകുന്നത് അഭികാമ്യമായിരിക്കും. യോഗത്തിൽ സംബന്ധിച്ച് സ്തോത്രകാഴ്ച അർപ്പിക്കുവാൻ സാധിക്കാത്തവർക്ക് പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെ ആ സമയംതന്നെ ഓൺലൈനായി സ്തോത്രകാഴ്ച അർപ്പിക്കുന്നതിനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ഈ വർഷത്തെ മാരാമൺ കൺവൻഷനിലൂടെ സഭയ്ക്കും സമൂഹത്തിനും ദേശത്തിനും ഉണർവ്വും പുതുജീവനും ലഭിപ്പാൻ ഏവരും നിരന്തരമായി പ്രാർത്ഥിക്കണം. അതിനായുള്ള ഒരുക്കപ്രാർത്ഥനകൾ ക്രമീകരിക്കുന്നതിനും അതിൽ പങ്കെടുക്കുന്നതിനും എല്ലാവരും ഉത്സാഹിക്കണം. സമർപ്പണത്തോടും പ്രാർത്ഥനയോടുംകൂടി ഈ വർഷത്തെ കൺവൻഷനിൽ നമുക്ക് പങ്കെടുക്കാം.

കൃപ നിങ്ങളേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് 2025 ജനുവരി 17-ാം തീയതി തിരുവല്ല പൂലാത്തീനിൽനിന്നും

Theodosius Metr.

**ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം

കർത്താവിൽ പ്രിയരെ,

130-ാമത് മാരാമൺ കൺവൻഷൻ 2025 ഫെബ്രുവരി 09-ാം തീയതി ഞായറാഴ്ച 2.30 പി.എം മുതൽ 16-ാം തീയതി ഞായറാഴ്ച 4.30 പി.എം വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയാണ്. പ്രാർത്ഥനയോടും ഒരുക്കത്തോടും കൂടെ ഈ വർഷത്തെ കൺവൻഷനിൽ പങ്കെടുക്കുന്നതിനായി ദൈവനാമത്തിൽ ഏവരെയും ക്ഷണിക്കുന്നു.

## പ്രസംഗകർ

ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ.യൂയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ, ഡോ.ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, അഖില ലോക സഭാ കൗൺസിൽ ജനറൽ സെക്രട്ടറി റവ. പ്രൊഫ. ഡോ. ജെറി പിള്ളൈ (സ്വിറ്റ്സർലാൻഡ്), കൊളംബിയ തിയോളജിക്കൽ സെമിനാരി പ്രസിഡന്റ് റവ. ഡോ. വിക്ടർ അലോയോ, ഡോ. രാജ്കുമാർ രാംചന്ദ്രൻ (ന്യൂഡൽഹി) നമ്മുടെ എപ്പിസ്കോപ്പാമാരായ തോമസ് മാർ തിമൊഥെയോസ്, ഡോ.ഐസക് മാർ ഫീലക്സിനോസ്, ഡോ.ഏബ്രഹാം മാർ പൗലോസ്, ഡോ.മാത്യൂസ് മാർ മക്കാറിയോസ്, ഡോ.ഗ്രിഗോറിയോസ് മാർ സ്തേഫാനോസ്, ഡോ.തോമസ് മാർ തീത്തോസ്, സഖറിയാസ് മാർ അപ്രേം, ഡോ.ജോസഫ് മാർ ഇവാനിയോസ്, മാത്യൂസ് മാർ സെറാഫിം എന്നിവരും പ്രസംഗകരായിരിക്കും.

## ക്രമീകരണങ്ങളും നിർദ്ദേശങ്ങളും

### 1. കൺവൻഷനായുള്ള ഒരുക്കം

കൺവൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പിന് പ്രത്യേക പ്രാർത്ഥനാ വിഷയങ്ങളെ ഓർത്ത് പള്ളികളിലും പ്രാർത്ഥനാക്കൂട്ടങ്ങളിലും സംഘടനകളുടെ മീറ്റിംഗുകളിലും ഭവനങ്ങളിലും പ്രത്യേകം പ്രാർത്ഥിക്കണം. ഓരോ ഇടവകയിലും മാരാമൺ കൺവൻഷനുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രത്യേക കൂട്ടങ്ങൾ ക്രമീകരിക്കുന്നത് അനുഗ്രഹമായിരിക്കും.

### 2. ഒരുക്ക പ്രാർത്ഥനാവാരം

2025 ജനുവരി 31 മുതൽ ഫെബ്രുവരി 8 വരെ 9 ദിവസം 130-ാമത് മാരാമൺ കൺവൻഷന്റെ അനുഗ്രഹത്തിനും സഭയുടെ പുതുക്കത്തിനും ഉണർവിനുമായി ഒരുക്കപ്രാർത്ഥനാ ദിനങ്ങളായി ക്രമീകരിക്കുന്നു. ഈ ദിനങ്ങളിൽ മാരാമൺ മണപ്പുറത്ത് വന്ന് പ്രാർത്ഥനയിൽ പങ്കെടുക്കുന്നതിന് ഏവരേയും ക്ഷണിക്കുന്നു. പ്രാർത്ഥന വൈകിട്ട് 4.30 ന് ആരംഭിച്ച് 6 മണിക്ക് അവസാനിക്കും.

### 3. പ്രാർത്ഥനാശാലകൾ

യോഗ ദിവസങ്ങളിൽ രാവുംപകലും ഇടമുറിയാതെ പ്രാർത്ഥിക്കുന്നതിന് മണൽപ്പുറത്ത് പ്രത്യേകം തയ്യാറാക്കുന്ന പ്രാർത്ഥനാലയം (ചാപ്പൽ) ഉണ്ടായിരിക്കും. ഈ സൗകര്യം ഏവരും ഉപയോഗിക്കണമേ.

### 4. ആളാംപ്രതി സുവിശേഷവേല

ആളാംപ്രതി വേലയ്ക്കുള്ള ക്രമീകരണം ചെയ്യുന്നു. ഈ ശുശ്രൂഷയിൽ സഹകരിക്കുവാൻ താല്പര്യമുള്ള പുരുഷന്മാർ റവ.ജയിംസ് പി.സി യെയും (ജനറൽ സെക്രട്ടറി, മാർത്തോമ്മാ സന്നദ്ധ സുവിശേഷകസംഘം, മഞ്ഞാടി പി.ഒ., തിരുവല്ല) സ്ത്രീകൾ ശ്രീമതി.റേയ്ച്ചൽ ജോർജിനെയും (ജനറൽ സെക്രട്ടറി, മാർത്തോമ്മാ സേവികാസംഘം, മഞ്ഞാടി പി.ഒ., തിരുവല്ല) വിവരം അറിയിക്കണം.

### 5. മദ്ധ്യസ്ഥ പ്രാർത്ഥന

മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുള്ള വിഷയങ്ങൾ കൺവൻഷൻ ആഴ്ചയിൽ വ്യാഴാഴ്ച സന്ധ്യയ്ക്കുമുമ്പ് മണൽപ്പുറത്തുള്ള സംഘം ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

### 6. ക്രമപരിപാലനം

കൺവൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പിന് പന്തലിലും മണൽപുറത്ത് ആകമാനവും ഭക്തിനിർഭരമായ അന്തരീക്ഷം പുലർത്തേണ്ടത് ആവശ്യമാണ്. ക്രമപരിപാലകർ അതതു സമയത്ത് നൽകുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചു പെരുമാറണം. യോഗങ്ങളിൽ ക്രമപരിപാലനം റവ.ബിജു സാം, റവ. സുനിൽ ജോയി എന്നീ വൈദികർ കൺവീനർമാരായുള്ള ഒരു കമ്മിറ്റിയുടെ ചുമതലയിലാണ്. കൺവൻഷനിൽ സംബന്ധിക്കുന്ന ആളുകളുടെ വരവും പോക്കും വാഹന ഗതാഗതവും നിയന്ത്രി

ക്കുന്നതിന് പൊലീസിന്റെ സഹായത്തിനു പുറമെ കോഴഞ്ചേരി ഭാഗത്തും മാരാമൺ ഭാഗത്തും വിജിലൻസ് കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ നിർദ്ദേശങ്ങൾ ഏവരും സ്നേഹപൂർവ്വം സ്വീകരിക്കേണ്ടതാണ്.

## 7. സായാഹ്ന യോഗം

സായാഹ്ന യോഗങ്ങൾ വൈകിട്ട് 6 മണി മുതൽ 7.30 വരെ പൊതുയോഗമായി ക്രമീകരിക്കുന്നു. ഈ യോഗങ്ങളിൽ സ്ത്രീകൾക്കും പുരുന്മാർക്കും പങ്കെടുക്കാവുന്നതാണ്.

## 8. കൂട്ടായ്മ യോഗങ്ങൾ

ബുധൻ മുതൽ ശനി വരെ സായാഹ്ന യോഗത്തിനു ശേഷം വൈകിട്ട് 7.30 മുതൽ 9.00 വരെ, ഭാഷാടിസ്ഥാനത്തിൽ ഹിന്ദി, തെലുങ്ക്, തമിഴ്, കന്നട പശ്ചാത്തലത്തിലുള്ള വിശ്വാസികളുടെ കൂട്ടായ്മാ യോഗങ്ങൾ നടത്തുന്നതാണ്.

## 9. കുട്ടികൾ

അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ പന്തലിൽ കൊണ്ടുവരുവാൻ അനുവാദമില്ല. ഈ പ്രായത്തിലുള്ള കുട്ടികളുമായി വരുന്ന മാതാക്കളുടെ സൗകര്യാർത്ഥം കുട്ടിപ്പന്തൽ ക്രമീകരിച്ചിട്ടുണ്ട്. കുട്ടികളെ കൊണ്ടുവരുന്ന മാതാക്കൾ മാത്രമേ ഈ സൗകര്യം ഉപയോഗിക്കാവു.

## 10. എക്സിബിഷൻ സ്റ്റാൾ

സുവിശേഷ പ്രസംഗ സംഘത്തിന്റെ മിഷനറി പ്രവർത്തനങ്ങൾ പരിചയപ്പെടുന്നതിന് ഒരു എക്സിബിഷൻ സ്റ്റാൾ മണൽപ്പുറത്ത് ക്രമീകരിക്കുന്നതാണ്. ഈ സ്റ്റാൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മനസിലാക്കുകയും ആവശ്യമായ പ്രോത്സാഹനവും സംഭാവനയും നൽകുകയും ചെയ്യണമെന്ന് ഓർപ്പിക്കുന്നു.

## 11. കുടുംബവേദി

കുടുംബ ജീവിതത്തിന്റെ ഭദ്രത, കുഞ്ഞുങ്ങളെ വളർത്തുന്നതിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വിവാഹം, പങ്കാളികളോടുള്ള ഉത്തരവാദിത്തം ആദിയായ വിഷയങ്ങൾ വേദപുസ്തകാടിസ്ഥാനത്തിൽ മനസ്സിലാക്കുന്നതിനുള്ള പ്രയോജനപ്രദമായ ക്ലാസ്സുകൾ തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ഉച്ചയ്ക്ക് 2.30 മുതൽ പന്തലിൽവച്ച് നടക്കുന്നതാണ്.

## 12. യുവവേദി

വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 4 മുതൽ യുവജനങ്ങൾക്കായുള്ള യുവവേദി യോഗങ്ങൾ പന്തലിൽ ക്രമീകരിച്ചിരിക്കുന്നു.

## 13. പ്രതിഷ്ഠാ ശുശ്രൂഷ

പൂർണ്ണ സമയ സുവിശേഷ വേലയ്ക്കായി സമർപ്പിക്കപ്പെടുന്നവർക്കു വേണ്ടിയുള്ള പ്രതിഷ്ഠാ ശുശ്രൂഷ വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 7.30 ന് കോഴഞ്ചേരി പള്ളിയിൽ അഭിവന്ദ്യ തിരുമേനിമാരുടെ നേതൃത്വത്തിൽ നടത്തും. 12 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ പ്രതിഷ്ഠ വെള്ളിയാഴ്ചയും, 12 വയസ്സിനുമേൽ പ്രായമുള്ളവരുടെ പ്രതിഷ്ഠ ശനിയാഴ്ചയും ആയിരിക്കും. പ്രതിഷ്ഠിക്കപ്പെടണമെന്ന് താല്പര്യമുള്ളവർ അതിനായി തയ്യാറാക്കിയിട്ടുള്ള ഫോമിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഇതിനുള്ള ഫോമുകൾ തിരുവല്ലയിലുള്ള സംഘം ഓഫീസിൽ ലഭ്യമാണ്. ഇടവക വികാരിമാർ ഫെബ്രുവരി 6 ന് മുമ്പ് ലിസ്റ്റ് സംഘം ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 14. സ്തോത്രകാഴ്ച

ഫെബ്രുവരി 09-ാം തീയതി ഞായറാഴ്ചത്തെ പ്രാരംഭ യോഗത്തിലും വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിൽ രാവിലെ 10 മണിക്കുള്ള പൊതുയോഗങ്ങളിലും മാത്രമായിരിക്കും സ്തോത്രകാഴ്ച ശേഖരിക്കുക. മറ്റ് അവസരങ്ങളിൽ സ്തോത്രകാഴ്ച സമർപ്പിക്കുവാൻ താല്പര്യപ്പെടുന്നവരുടെ സൗകര്യാർത്ഥം പന്തലിൽ സ്തോത്രകാഴ്ചപ്പെട്ടികൾ സ്ഥാപിക്കുന്നതാണ്. യോഗത്തിൽ സംബന്ധിച്ച് സ്തോത്രകാഴ്ച അർപ്പിക്കുവാൻ സാധിക്കാത്തവർക്ക് **പേമെന്റ് ഗേറ്റ്‌വേ** സംവിധാനത്തിലൂടെ ആ സമയംതന്നെ ഓൺലൈനായി സ്തോത്രകാഴ്ച അർപ്പിക്കുന്നതിനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. ഈ സൗകര്യം കൂടുതൽ ആളുകൾ പ്രയോജനപ്പെടുത്തണം. യോഗങ്ങളിൽ വന്നു സംബന്ധിക്കുവാൻ കഴിയാത്തവർ സ്തോത്രകാഴ്ച ഓഫീസിൽ എത്തിച്ചു തരുന്നത് നല്ല പാരമ്പര്യമാണ്. അതിന് താല്പര്യമുള്ളവർ സ്തോത്രകാഴ്ച തുക **ജനറൽ സെക്രട്ടറി, മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം, തിരുവല്ല-689 101** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. മാരാമൺ കൺവൻഷനിൽ നിന്ന് ലഭിക്കുന്ന സ്തോത്രകാഴ്ചയിൽ കൺവൻഷൻ ചെലവുകൾ കഴിച്ചുള്ള തുക സുവിശേഷ സംഘത്തിന്റെ വിവിധ ഫീൽഡുകളിലെ സുവിശേഷ പ്രവർത്തനങ്ങൾക്കും, സഭയുടെ വിവിധ സംഘടനകളുടെയും ബൈബിൾ സൊസൈറ്റി മുതലായ ചില പൊതുസ്ഥാപനങ്ങളുടെയും ആവശ്യങ്ങൾക്കായി അംഗീകരിക്കപ്പെട്ടിട്ടുള്ള നിരക്കിൽ വിഭാഗിച്ചു കൊടുക്കുന്നതാണ്. ഈ വർഷം ഒരു

കോടി രൂപാ പ്രതീക്ഷിക്കുന്നു. സംഘത്തിന്റെയും സഭയുടെ മറ്റു സംഘടനകളുടേയും വളർച്ചയും വികസനവും അനുസരിച്ചു വരുമാനവും വർദ്ധിക്കേണ്ടതാണല്ലോ. ഇക്കാര്യം മനസ്സിലാക്കി എല്ലാവരും സ്തോത്രകാഴ്ചയിൽ ഉദാരമായി സഹകരിക്കണമെ.

## 15. പ്രത്യേക ഇരിപ്പിടങ്ങൾ

യോഗങ്ങളിൽ സംബന്ധിക്കുന്നവരിൽ മണൽപ്പുറത്ത് ഇരിക്കുവാൻ ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് കസേരകളും ചാരുബഞ്ചുകളും ക്രമീകരിക്കുന്നതാണ്. കസേരയിലും ബഞ്ചിലും ഇരിക്കുന്നതിന് ടിക്കറ്റ് വാങ്ങേണ്ടതാണ്. ഓരോ ദിവസവും 20 രൂപ വീതം നല്കി ടിക്കറ്റ് എടുക്കണം.

## 16. സുവിശേഷസംഘം ഓഫീസ്

കൺവൻഷന്റെ ക്രമീകരണങ്ങൾക്കായി മാരാമൺ റിട്രീറ്റ് സെന്ററിൽ കൺവൻഷൻ ഓഫീസ് പ്രവർത്തിക്കുന്നതാണ്. റിട്രീറ്റ് സെന്ററിലെ ടെലിഫോൺ നമ്പർ 0468-2314026, മൊബൈൽ നമ്പർ 8330050970. കൂടാതെ കൺവൻഷൻ ആഴ്ചയിൽ സുവിശേഷസംഘം ഓഫീസ് കൺവൻഷൻ സ്റ്റേജിന് പിന്നിലും മണൽപ്പുറത്ത് മാരാമൺ, കോഴഞ്ചേരി ഭാഗത്തും പ്രവർത്തിക്കുന്നതാണ്. 'സുവിശേഷദൂതന്റെ' സ്റ്റാളുകളും ഉണ്ടായിരിക്കും.

## 17. സഭയുടെ വിവിധ ഓഫീസുകൾ

മാർത്തോമ്മാ സഭയുടെയും വിവിധ സംഘടനകളുടെയും ഭദ്രാസനങ്ങളുടെയും സഭാതാരക, സുവിശേഷദൂതൻ, യുവദീപം, സന്ദേശം, വനിതാബോധിനി, സന്ദർശിനി, തളിരുകൾ മുതലായ മാസികകളുടെയും ഓഫീസുകൾ കൺവൻഷൻ മണൽപ്പുറത്ത് പ്രവർത്തിക്കുന്നതായിരിക്കും.

## 18. കൗൺസലിംഗ് സെന്ററുകൾ

ജീവിത പ്രശ്നങ്ങൾ കൗൺസിലേഴ്സുമായി ചർച്ച ചെയ്ത് പരിഹരിക്കുവാൻ താല്പര്യപ്പെടുന്നവരുടെ സൗകര്യാർത്ഥം പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം കൗൺസലിംഗ് സെന്ററുകൾ ക്രമീകരിക്കുന്നതാണ്.

## 19. മദ്യവർജ്ജന സ്റ്റാൾ

മദ്യവർജ്ജന പ്രചാരണത്തിനും, മദ്യപാനശീലത്തിൽ നിന്നും സാമൂഹ്യതിന്മകളിൽ നിന്നും മോചനം ആഗ്രഹിക്കുന്നവർക്ക് ആലോചനയും കൂട്ടായ്മയും നൽകുന്നതിനും മണൽപ്പുറത്ത് മദ്യവർജ്ജന സ്റ്റാൾ പ്രവർത്തിക്കുന്നതാണ്. മദ്യവിമുക്തർക്കായുള്ള പ്രത്യേക യോഗം ബുധനാഴ്ച 2.30 മുതൽ പന്തലിൽവച്ച് നടത്തുന്നതാണ്. മദ്യവർജ്ജന പ്രവർത്തനങ്ങളുടെ എക്സിബിഷൻ സ്റ്റാളും പ്രവർത്തിക്കുന്നതാണ്.

## 20. വിൽപ്പനശാലകൾ, ധനസമാഹരണം

കൺവൻഷൻ മണൽപ്പുറം കച്ചവടത്തിനോ പ്രചാരണങ്ങൾക്കോ സ്ഥാപനങ്ങളുടെയോ സംഘടനകളുടെയോ പണപ്പിരിവിനോ ലഘുലേഖകൾ വിതരണം ചെയ്യുന്നതിനോ ഉപയോഗിച്ചുകൂടാ. കൺവൻഷനിൽ പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥം ഭക്ഷണപാനീയങ്ങൾ വിൽക്കുന്നതിനും, ഭദ്രാസനങ്ങളുടെയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിലുള്ള സ്റ്റാളുകളും പുസ്തകശാലകളും നടത്തുന്നതിനും സ്ഥലസൗകര്യം അനുസരിച്ച് മണൽപ്പുറത്ത് സ്റ്റാളുകൾ അനുവദിക്കുന്നതാണ്. കൂടാതെ, കിഴക്കേടത്ത് പുരയിടത്തിലും, നെടുമ്പ്രയാർ കടവിലും സ്റ്റാളുകൾ അനുവദിക്കുന്നതാണ്.

## 21. മന്ദിരങ്ങൾ

നമ്മുടെ അഗതി മന്ദിരങ്ങൾക്കുവേണ്ടിയുള്ള പൊതുധനശേഖരം അതിനുവേണ്ടി സംഘം നിയമിച്ചിട്ടുള്ള കമ്മറ്റിയുടെ ചുമതലയിൽ നടത്തുന്നതാണ്. കൺവൻഷൻ സ്ഥലത്തും സമീപ പ്രദേശങ്ങളിലും ഭിക്ഷാടനം നിരോധിച്ചുകൊണ്ട് ഗവൺമെന്റ് ആണ്ടുതോറും ഉത്തരവ് പ്രസിദ്ധീകരിക്കാറുണ്ട്. യോഗസ്ഥലത്തും മണൽപ്പുറത്തേക്കുള്ള വഴികളിലും ഭിക്ഷ യാചിക്കുന്നതിന് ശ്രമിക്കുന്ന യാചകരെ ആരും പ്രോത്സാഹിപ്പിക്കരുത്.

## 22. ബാഹ്യകേരള മിഷൻ ഷെഡ്

സംഘത്തിന്റെ ചുമതലയിലുള്ള വിവിധ മിഷൻ ഫീൽഡുകളുടെയും ആശ്രമങ്ങളുടെയും പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ നൽകുന്ന ഒരു ഷെഡ് മണൽപ്പുറത്തുണ്ടായിരിക്കും. വിവിധ ഫീൽഡുകളുടെ പ്രതിനിധികൾ അവിടെ ഉണ്ടായിരിക്കും. മിഷൻ ഫീൽഡുകൾക്കുള്ള സംഭാവനകൾ അവിടെ നൽകാവുന്നതാണ്.

## 23. ശുചീകരണം

കൺവൻഷൻ പരിസ്ഥിതി സൗഹൃദമായും ഹരിത നിയമാവലി അനുസരിച്ചും നടത്തുന്നതിന് ക്രമീകരിക്കുന്നു. മണൽപ്പുറവും പരിസരവും പ്ലാസ്റ്റിക് വിരുദ്ധ മേഖലയായി സംരക്ഷിക്കുന്നതിന് ഏവരുടേയും സഹകരണം ഉണ്ടാകണം. പന്തലും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതും മണൽപ്പുറത്തും ഇരുകരകളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന ശൗചാ

ലയങ്ങളും ഇ-ടോയ്‌ലറ്റുകളും മാത്രം ഉപയോഗിക്കേണ്ടതുമാണ്. ലക്ഷക്കണക്കിന് ആളുകൾ കൂടി വരുന്ന കൺവൻഷൻ പ്രദേശത്ത് പകർച്ച വ്യാധികൾ വ്യാപിക്കാതിരിക്കുന്നതിനും, ദുർഗന്ധവും മറ്റ് അസൗകര്യങ്ങളും ഉണ്ടാകാതിരിക്കുന്നതിനും ഈ ക്രമീകരണങ്ങൾ നിഷ്കർഷയോടെ പാലിക്കണം. മണൽപ്പുറത്തും പമ്പാനദിയിലും യാതൊരു കാരണവശാലും മാലിന്യങ്ങൾ ഉപേക്ഷിക്കരുത്. **പ്ലാസ്റ്റിക് കവറുകൾ, പ്ലാസ്റ്റിക് കുപ്പികൾ, ഇതര പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, പത്രക്കടലാസുകൾ, മറ്റു മാലിന്യങ്ങൾ എന്നിവ പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന ബിന്നുകളിൽ മാത്രം ഇടേണ്ടതാണ്. മണൽപ്പുറവും പരിസരവും പ്ലാസ്റ്റിക് വിമുക്ത മേഖലയായിരിക്കും.**

**24. പാർക്കിംഗ് ഗ്രൗണ്ട്**

യോഗങ്ങളിൽ സംബന്ധിക്കുവാൻ സ്വന്തം വാഹനത്തിൽ വരുന്നവരുടെ സൗകര്യാർത്ഥം നദിയുടെ ഇരുകരകളിലും പാർക്കിംഗ് ഗ്രൗണ്ട് ക്രമീകരിക്കുന്നതാണ്. പാർക്കിംഗ് ഫീസ് നൽകി വാഹനങ്ങൾ പാർക്ക് ചെയ്യാവുന്നതാണ്.

**25. യാത്രാസൗകര്യം**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കൺവൻഷനു വന്നുചേരുവാൻ പ്രൈവറ്റ് ബസ്സുകൾ കൂടാതെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകളും ട്രെയിൻ സർവ്വീസുകളും കൺവൻഷൻ ആഴ്ചയിൽ പ്രത്യേകം ക്രമീകരിച്ചിട്ടുണ്ട്.

**26. തൽസമയ സംപ്രേഷണം**

മാരാമൺ കൺവൻഷനിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്തവർക്കായി കൺവൻഷൻ യോഗങ്ങളുടെ തൽസമയ സംപ്രേഷണം സുവിശേഷ പ്രസംഗസംഘത്തിന്റെയും സഭയുടെയും ഡി.എസ്.എം.സിയുടെയും യൂട്യൂബ് ചാനലുകളിലും ഫേസ്ബുക്ക് പേജുകളിൽ ക്രമീകരിക്കുന്നുണ്ട്. ഏവരും ഈ സൗകര്യം പ്രയോജനപ്രദമായി ഉപയോഗിക്കണം.

**27.** കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ ജനറൽ സെക്രട്ടറി, സുവിശേഷ പ്രസംഗ സംഘം ഓഫീസ്, തിരുവല്ല–689101 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. **Phone: 0469 – 2630587, 2731699,8330050970 (WhatsApp), E-mail: mteatvla@gmail.com**

130–ാമത് മാരാമൺ കൺവൻഷൻ ക്രൈസ്തവ സഭയ്ക്കും ഭാരതത്തിനാകമാനവും ആദ്ധ്യാത്മിക പുരോഗതിക്കു നിദാനമായി ഭവിക്കുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ,

മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം ഓഫീസ്,
തിരുവല്ല- 689101
17.01.2025

**റവ.എബി കെ. ജോഷ്വാ**
*ജനറൽ സെക്രട്ടറി*

## മാരാമൺ കൺവൻഷൻ യോഗങ്ങളുടെ സമയവിവരപ്പട്ടിക

<table>
<tr><th>2025</th><th colspan="2"></th><th colspan="3">രാവിലെ</th><th></th><th colspan="2">ഉച്ചകഴിഞ്ഞ്</th><th></th><th colspan="2">സായാഹ്നം</th><th>രാത്രി</th></tr>
<tr><td>ഫെബ്രുവരി</td><td colspan="2">7:30-8:30</td><td>9:30</td><td>10:00-10:30</td><td>10:30-12:00</td><td></td><td colspan="2">2:30-4:00</td><td></td><td colspan="2">6:00-7:30</td><td>7:30-8.30</td></tr>
<tr><td>ഞായർ 09</td><td colspan="2"></td><td></td><td></td><td></td><td></td><td rowspan="8">ഗാനശുശ്രൂഷ</td><td>പ്രാരംഭയോഗം</td><td></td><td colspan="2"></td><td></td></tr>
<tr><td>തിങ്കൾ 10</td><td rowspan="4">കുട്ടികൾക്കായുള്ള യോഗം</td><td rowspan="6">ബൈബിൾ ക്ലാസ്</td><td rowspan="6">ഗാനശുശ്രൂഷ</td><td rowspan="6">മദ്ധ്യസ്ഥ പ്രാർത്ഥന</td><td rowspan="2">പൊതുയോഗം</td><td rowspan="7">വിശ്രമം 12.00 – 2.00</td><td rowspan="2">കുടുംബവേദി യോഗങ്ങൾ</td><td rowspan="3"></td><td rowspan="6">ഗാനശുശ്രൂഷ</td><td>പൊതുയോഗം</td><td></td></tr>
<tr><td>ചൊവ്വ 11</td><td>പൊതുയോഗം</td><td></td></tr>
<tr><td>ബുധൻ 12</td><td>എക്യുമെനിക്കൽ സമ്മേളനം</td><td>ലഹരിവിമോചന സമ്മേളനം</td><td>സാമൂഹ്യ തിന്മക്കെതിരായുള്ള സമ്മേളനം</td><td>മിഷൻ ഫെലോഷിപ്പ് ഹിന്ദി, മറാഠി</td></tr>
<tr><td>വ്യാഴം 13</td><td rowspan="4">പൊതുയോഗം</td><td>പൊതുയോഗം (സ.സുവിശേഷകസംഘം)</td><td rowspan="3">4:00-5:30 യുവവേദി യോഗങ്ങൾ</td><td>പൊതുയോഗം</td><td>മിഷൻ ഫെലോഷിപ്പ് തെലുങ്ക്</td></tr>
<tr><td>വെള്ളി 14</td><td rowspan="2">7:30 പ്രതിഷ്ഠാ ശുശ്രൂഷ കോഴഞ്ചേരി പള്ളി</td><td>പൊതുയോഗം (സേവികാസംഘം)</td><td>പൊതുയോഗം</td><td>മിഷൻ ഫെലോഷിപ്പ് തമിഴ്</td></tr>
<tr><td>ശനി 15</td><td>മിഷനറി യോഗം</td><td>പൊതുയോഗം</td><td>മിഷൻ ഫെലോഷിപ്പ് കന്നഡ</td></tr>
<tr><td>ഞായർ 16</td><td colspan="2">വിശുദ്ധ കുർബ്ബാന കോഴഞ്ചേരി, മാരാമൺ, ചിറയിറമ്പ് പള്ളികളിൽ</td><td colspan="2">പരസ്യാരാധന</td><td>സമാപനയോഗം</td><td></td><td colspan="3"></td></tr>
</table>